## തിരുനബി(സ)യുടെ ആദ്യകാല സൈനിക നീക്കങ്ങൾ

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطَانِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○ اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ഹിജ്റത്തിനുശേഷമുള്ള തുടക്കത്തിലെ സാഹചര്യങ്ങൾ, ബദ്ർ യുദ്ധത്തിന്റെ കാരണങ്ങൾ, മക്കാ നിഷേധികളുടെ പ്രവർത്തനങ്ങളേയും അവരുടെ പദ്ധതികളേയും തടയാൻ തിരുനബി(സ) സ്വീകരിച്ച നടപടികൾ എന്നിവയെക്കുറിച്ച് (ഞാൻ കഴിഞ്ഞ ഖുത്ബയിൽ) പരാമർശിച്ചിരുന്നു. ബദർ യുദ്ധത്തിനുമുമ്പുണ്ടായിരുന്ന ചില സൈനീക നീക്കങ്ങളും മക്കാ നിഷേധികളുടെ യുദ്ധത്തിനുള്ള ചില തയ്യാറെടുപ്പുകളും ഞാൻ വിവരിക്കുന്നതാണ് ഇൻശാ അല്ലാഹ്. അല്ലാഹുവിന്റെ റസൂൽ(സ) ഹിജ്റ ഒന്നിന് റമദാനിൽ സൈഫുൽ ബഹർ എന്നറിയപ്പെടുന്ന സരിയ ഹദ്റത്ത് ഹംസ എന്ന സൈനീക നീക്കം നടത്തി. അതിൽ വെളുത്ത പതാക ഏന്തിയിരുന്നത് അബൂ മുർഥദായിരുന്നു. തിരുനബി(സ) തന്റെ പിതൃ സഹോദരൻ ഹദ്റത്ത് ഹംസ ബിൻ അബ്ദുൽ മുത്തലിബിനെ അതിന്റെ അമീറാക്കിയിരുന്നു. മുപ്പത് മുഹാജിറുകളും അവരോടൊപ്പമുണ്ടായിരുന്നു. ഈസ് പ്രദേശത്ത്‌വെച്ച് സിറിയയിൽനിന്നും വരുന്ന അബൂജഹലിന്റെ നേതൃത്വത്തിലുള്ള ഒരു യാത്രാസംഘത്തെ അവർ കണ്ടുമുട്ടി. ഇരുപക്ഷവും (യുദ്ധത്തിനായി) അണിനിരന്നെങ്കിലും ബനൂ സുലൈം ഗോത്രത്തിലെ ഒരു പ്രമാണി ഇടപെട്ടതിനാൽ ഇരുവിഭാഗവും പിൻവാങ്ങി; തിരിച്ചുപോയി.

അടുത്തത് സരിയഃ ഉബൈദ ബിൻ ഹാരിസ് ആണ്. ഹിജ്റ വർഷം ഒന്നിന് ശവ്വാൽ മാസത്തിൽ അല്ലാഹുവിന്റെ റസൂൽ(സ) അറുപത് മുഹാജിറുകളുടെ കൂടെ ഹദ്റത്ത് ഉബൈദ ബിൻ ഹാരിസിനെ സനിയത്തുൽ മർറയിലേക്ക് അയക്കുകയുണ്ടായി. അവിടെ അദ്ദേഹം അബൂ സുഫിയാനെയും അയാളുടെ ഇരുനൂറ് കുതിരപ്പടയാളികളെയും എതിരിട്ടു. ഇരുഭാഗത്തുനിന്നും ഏതാനും അസ്ത്രങ്ങൾ തൊടുത്തുവെങ്കിലും സാധാരണ യുദ്ധപോരാട്ടങ്ങളൊന്നും നടന്നില്ല. മുസ്‌ലിംകളും അവിശ്വാസികളും തമ്മിൽ ഇതിനു മുമ്പ് അമ്പെയ്ത്ത് ഉണ്ടായിട്ടില്ല. മുസ്‌ലിംകൾക്കുവേണ്ടി, ഹദ്റത്ത് സഅദ് ബിൻ അബിവഖാസ് എയ്ത അമ്പ് ആണ് ഇസ്‌ലാമിക ചരിത്രത്തിലെ ആദ്യത്തെ അസ്ത്രം. ഹദ്റത്ത് സഅദ് ഇതിൽ അഭിമാനിക്കുകയും ചെയ്തിരുന്നു. തുടർന്ന് ഇരുകക്ഷികളും അവരവരുടെ പ്രദേശങ്ങളിലേക്ക് മടങ്ങി.

അടുത്തത്, ഹിജ്റ ഒന്നിനോ രണ്ടിനോ നടന്ന സരിയഃ ഹദ്റത്ത് സഅദ് ബിൻ അബീ വഖാസ് ആണ്. ഖുറൈശികളുടെ കച്ചവട സംഘത്തെ തടയാൻ റസൂൽ(സ) ഹദ്റത്ത് സഅദ് ബിൻ അബീ വഖാസിനെ ഇരുപത് പേരുടെ അമീറാക്കി അയച്ചുകൊണ്ട് ഖറാർ താഴ്‌വരയ്ക്ക് അപ്പുറത്തേക്ക് പോകരുതെന്ന് ഉത്തരവിട്ടെങ്കിലും അവർ ഖറാറിലെത്തുമ്പോഴേക്കും സൈനികവ്യൂഹം അവിടെനിന്ന് പുറപ്പെട്ടു കഴിഞ്ഞിരുന്നു. അതിനാൽ അവർ ഏറ്റുമുട്ടലില്ലാതെ തന്നെ മടങ്ങി വന്നു.

ഗസ്‌വഃ വദ്ദാൻ നടന്നത് ഹിജ്റ രണ്ട് സഫർ മാസത്തിലാണ്. റസൂലുല്ലാഹ്(സ) അറുപതോ എഴുപതോ മുഹാജിറുകളുമായി വദ്ദാനിലേക്ക് പോയി. ചരിത്രകാരനായ ഇബ്നു സഅദിന്റെ അഭിപ്രായത്തിൽ, റസൂലുല്ലാഹ്(സ) പങ്കെടുത്ത ആദ്യത്തെ യുദ്ധമാണിത്. റസൂൽ(സ) ഹദ്റത്ത് സഅദ് ബിൻ ഉബാദയെ മദീനയിൽ തന്റെ പ്രതിനിധി ആയി നിശ്ചയിച്ചു. ഖുറൈശികളുടെ വ്യാപാര സംഘത്തെ തടയുക എന്നതായിരുന്നു റസൂൽ(സ)ന്റെ ഉദ്ദേശം, പക്ഷേ അവർ റസൂൽ(സ)ന്റെ വരവിനു മുമ്പേ പോയിക്കഴിഞ്ഞിരുന്നു. തിരുനബി(സ) ബനൂ സംറയുടെ തലവൻ മഖ്ശി ബിൻ അംർ സംരിയുമായി ഒരു സമാധാന ഉടമ്പടി ഉണ്ടാക്കി.

അതനുസരിച്ച് ഇരുപക്ഷവും പരസ്പരം ആക്രമിക്കുകയോ ഇരുപക്ഷത്തിന്റെയും ശത്രുവിനെ പിന്തുണയ്ക്കുകയോ ചെയ്യാൻ പാടില്ല. ഈ യാത്രയിൽ തിരുനബി(സ) പതിനഞ്ച് ദിവസം മദീനക്ക് പുറത്ത് താമസിക്കുകയുണ്ടായി.

ഹിജ്റ വർഷം 2 റബിഉൽ അവ്വലിലാണ് ബുവാത് യുദ്ധം നടന്നത്. തിരുനബി(സ) ഹദ്റത്ത് സഅദ് ബിൻ മുആദിനെ മദീനയിലെ അമീറായി നിയമിക്കുകയും തന്റെ 2 അനുചരന്മാരോടൊപ്പം ഖുറൈശികളുടെ യാത്രാസംഘത്തെ തടയാൻ പുറപ്പെടുകയും ചെയ്തു. ആ യാത്രാസംഘത്തിൽ ഉമയ്യ ബിൻ ഖൽഫിനെ കൂടാതെ നൂറ് ഖുറൈശികളും രണ്ടായിരത്തി അഞ്ഞൂറ് ഒട്ടകങ്ങളും ഉണ്ടായിരുന്നു. തിരുനബി(സ) ബുവാത് എത്തിയപ്പോൾ ആരുമായും ഏറ്റുമുട്ടാതെ മദീനയിലേക്ക് മടങ്ങി വന്നു. ഹദ്റത്ത് സഅദ് ബിൻ അബിവഖാസ് ഉയർത്തിയ പതാകയുടെ നിറം വെള്ളയായിരുന്നു.

ഉശൈറഃ യുദ്ധം: ഖുറൈശികളുടെ ഒരു കച്ചവട സംഘം മക്കയിൽ നിന്നും പുറപ്പെട്ടെന്നും ലാഭം മുഴുവനും മുസ്‌ലിംകൾക്കെതിരിൽ യുദ്ധത്തിൽ ഉപയോഗിക്കാമെന്ന് കണ്ട് മക്കക്കാർ തങ്ങളുടെ എല്ലാ ചരക്കുകളും അതിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും തിരുനബി(സ)ന് അറിവു ലഭിച്ചു. അതിനാൽ, ഹിജ്റ 2 ജമാദുൽ അവ്വലിലോ ജമാദുഥ്ഥാനിയയിലോ നബി(സ) 150 / 200 ആളുകളുമായി യാത്ര തിരിച്ചു. ഉശൈറയിലെത്തിയപ്പോഴാണ് സംഘം കുറച്ച് ദിവസങ്ങൾക്ക് മുമ്പ് തന്നെ പോയി എന്നറിഞ്ഞത്. ഏതാനും ദിവസം താമസിച്ച് ബനൂമിദ്‌ലജിന്റെയും ബനൂസംറയുടെയും സഖ്യകക്ഷികളുമായി സമാധാന ഉടമ്പടി ഉണ്ടാക്കി മദീനയിലേക്ക് മടങ്ങി. സിറിയയിൽ നിന്ന് മടങ്ങിയെത്തിയ ഖുറൈശികളുടെ ഇതേ യാത്രാസംഘത്തെയാണ് നബി(സ) വീണ്ടും പിന്തുടർന്ന് ബദർ യുദ്ധത്തിൽ കലാശിക്കുകയും ചെയ്തത്.

ഒന്നാം ബദർ യുദ്ധം: നബി(സ) ഉശൈറ യുദ്ധത്തിൽ നിന്ന് മടങ്ങിയെത്തി 10 ദിവസങ്ങൾക്കുള്ളിൽ ഗുർസ് ബിൻ ജാബിർ മദീനയിലെ മേച്ചിൽപ്പുറങ്ങൾ ആക്രമിക്കുകയുണ്ടായി. നബി(സ) ഹദ്റത്ത് സൈദ് ബിൻ ഹാരിഥയെ തന്റെ പ്രതിനിധി ആക്കുകയും (തുടർന്ന്) ഇയാളെ പിന്തുടരുകയും ചെയ്തു. സഫ്‌വാൻ താഴ്‌വരയിൽ എത്തിയപ്പോഴേക്കും അവിടെ നിന്നും കടന്നുകളഞ്ഞ ഗുർസ് ബിൻ ജാബിറിനെ കണ്ടെത്താനാകാതെ നബി(സ) മദീനയിലേക്ക് മടങ്ങി. ബദറിന്റെ ഒരു ഭാഗമായ സഫ്‌വാൻ വരെ മുസ്‌ലിം സൈന്യം എത്തിയതിനാലാണ് ഇതിനെ ഒന്നാം ബദ്ർ എന്ന് വിളിക്കുന്നത്.

ഹദ്റത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) കുർസ് ബിൻ ജാബിറിനെ കുറിച്ച് എഴുതുന്നു: കുർസ് ബിൻ ജാബിറിന്റെ ഈ ആക്രമണം ഒരു ബദ്‌വികളെപ്പോലെയുള്ള നിസാരമായ അക്രമമായിരുന്നില്ല. മറിച്ച് ഇത് തീർച്ചയായും മുസ്‌ലിംകൾക്കെതിരെ പ്രത്യേക ഉദ്ദേശ്യത്തോടെ ഖുറൈശികൾ നടത്തിയതായിരുന്നു. നബി(സ)യെ തന്നെ അപായപ്പെടുത്താനും കരുതിയിട്ടുണ്ടാവാം. എന്നാൽ മുസ്‌ലിംകൾ ജാഗരൂകരാണെന്ന് കണ്ടപ്പോൾ അവർ അവരുടെ ഒട്ടകങ്ങളേയും കൈക്കലാക്കി രക്ഷപ്പെട്ടു. മദീനയിൽ ആക്രമണം നടത്തി മുസ്‌ലിംകളെ നശിപ്പിക്കാൻ ഖുറൈശികൾ തീരുമാനിച്ചിരുന്നതായി ഇത് വ്യക്തമാക്കുന്നു. ഇതിനു മുമ്പ് തന്നെ മുസ്‌ലിംകൾക്ക് ജിഹാദ് ചെയ്യാൻ അനുവാദമുണ്ടായിരുന്നുവെങ്കിലും, സ്വയംരക്ഷക്കായി അവർ അതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിരുന്നുവെങ്കിലും, അവിശ്വാസികൾക്ക് അവർ സാമ്പത്തികമോ ശാരീരികമോ ആയ ഒരു തരത്തിലുള്ള നഷ്ടവും ഉണ്ടാക്കിയിട്ടില്ല എന്ന കാര്യം ഓർക്കേണ്ടതാണ്. എന്നാൽ കുർസ് ബിൻ ജാബിറിന്റെ ആക്രമണത്തിൽ മുസ്‌ലിംകൾക്ക് യഥാർത്ഥത്തിൽ നഷ്ടമുണ്ടായിരുന്നു. ഖുറൈശികളുടെ വെല്ലുവിളി മുസ്‌ലിംകൾ സ്വീകരിച്ചതിന് ശേഷം സത്യനിഷേധികളാണ് യഥാർത്ഥ യുദ്ധത്തിന് മുൻകൈ എടുത്തത്.

മക്കക്കടുത്തുള്ള വാദി നഖ്‌ലയിൽ നടന്ന സരിയഃ അബ്ദുല്ലാഹ് ബിൻ ജഹ്ശിനെ പറ്റി എഴുതിയിരിക്കുന്നത്, റജബ് മാസത്തിൽ തിരുനബി(സ) ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശിനെ എട്ട് മുഹാജിരീങ്ങളൊടൊപ്പം അയച്ചു. ഹദ്റത്ത് സഅദ് ബിൻ അബീവഖാസ്, ഹദ്റത്ത് ഉത്ബ ബിൻ ഗസ്‌വാൻ എന്നിവരുടെ ഒട്ടകം നഷ്ടപ്പെട്ടതിനാൽ അതിനെ തിരഞ്ഞുകൊണ്ട് അവർ വളരേ പിന്നിലാവുകയും മറ്റുള്ളവരെല്ലാം നഖ്‌ലയിലെത്തുകയും ചെയ്തു. മക്കയിലെ ഖുറൈശികൾ അവിടെയുള്ള മുസ്‌ലിംകളെ കണ്ടപ്പോൾ ഭയന്നുപോയി. വിശുദ്ധ റജബ് മാസത്തിലെ അവസാന ദിവസമായിരുന്നു അത്. ഇവരെ വിട്ടുകളഞ്ഞാൽ ഇവർ രക്ഷപ്പെട്ടുപോകുമെന്ന് മുസ്‌ലിംകൾ അഭിപ്രായപ്പെടുകയും അങ്ങനെ അവർ ഖുറൈശികളെ ആക്രമിക്കുകയും അവരുടെ പ്രമാണിമാരിൽ ഒരാളായ അംർ ബിൻ ഹസ്റമിയെ വധിക്കുകയും ചെയ്തു. രണ്ട് തടവുകാരേയും ഒട്ടകങ്ങളേയുംകൊണ്ട് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശ് മദീനയിൽ തിരുനബി(സ)ന്റെ സവിധത്തിലെത്തി.

പുണ്യമാസത്തിൽ യുദ്ധം ചെയ്യാൻ ഞാൻ നിങ്ങളോട് കൽപിച്ചിട്ടില്ലെന്നു പറഞ്ഞുകൊണ്ട് തിരുനബി(സ) അവരിൽ നിന്നും ഒന്നും സ്വീകരിക്കാൻ തയ്യാറായില്ല. വിശുദ്ധ മാസത്തിലെ ഈ ആക്രമണത്തിന് മുസ്‌ലിംകളെ ആശ്വസിപ്പിക്കാൻ വെളിപാടായി സർവ്വശക്തനായ അല്ലാഹു സൂറഃ അൽബഖറയിലെ 218ാം വാക്യം അവതരിപ്പിച്ചു. മുസ്‌ലിംകൾക്ക് ഇതിലൂടെ ആശ്വാസം ലഭിച്ചപ്പോൾ, (ഇതിനെ കുറിച്ച്) വെളിപാട് സംഭവിച്ചുവെന്ന് മനസ്സിലാക്കിയതിനാൽ ഖുറൈശികളും അൽപ്പം തണുത്തു. പിന്നീട്, ഹദ്റത്ത് സഅ്ദ് ബിൻ അബിവഖാസ്, ഹദ്റത്ത് ഉഖ്ബ ബിൻ ഗസ്വാൻ എന്നിവർ സുരക്ഷിതമായി മടങ്ങിയെത്തിയപ്പോൾ തിരുനബി(സ) ഖുറൈശികളുടെ രണ്ട് തടവുകാരെയും മോചന ദ്രവ്യം വാങ്ങി മോചിപ്പിച്ചു.

വിശുദ്ധ ഖുർആൻ ബദ്റുൽ കുബ്റ (എന്ന ബദ്ർ) യുദ്ധത്തെ യൗമുൽ ഫുർഖാൻ (സത്യാസത്യവിവേചക ദിനം) എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ അവ്വൽ(റ) പ്രസ്താവിക്കുന്നു: തിരുനബി(സ)ന്റെ ഫുർഖാൻ, ബദ്ർ യുദ്ധത്തിന്റെ ദിവസമായിരുന്നു. അന്ന് ഏറ്റവും ശക്തമായ എതിരാളികൾ കൊല്ലപ്പെടുകയും മുസ്‌ലിംകൾ വിജയവും ആധിപത്യവും നേടുകയും ചെയ്തു. ഖലീഫത്തുൽ മസീഹ് അൽ അവ്വൽ(റ) മറ്റൊരു സ്ഥലത്ത് ഫുർഖാൻ എന്ന വാക്കിന്റെ അർത്ഥം വിശദീകരിച്ചുകൊണ്ട് പറയുന്നു: ഖുർആനിൽനിന്ന് ഞാൻ മനസ്സിലാക്കിയത്, ഫുർഖാൻ എന്നാൽ വിജയത്തിന്റെ പേരാണ്; അതിനുശേഷം ശത്രുവിന്റെ നടുവൊടിഞ്ഞു പോയി. അത് ബദ്ർ ദിനമായിരുന്നു.

ഈ യുദ്ധത്തെ ബദ്ർ സാനിയ, ബദ്റുൽകുബ്റ ബദ്റുൽഉസ്മ, ബദ്റുൽഖിത്താൽ എന്നീ പേരുകളിലും അറിയപ്പെടുന്നു. ആയിരം ഒട്ടകങ്ങളുമായി ഖുറൈശികളുടെ യാത്രാസംഘത്തോടൊപ്പം അബൂസുഫിയാൻ മടങ്ങുകയാണെന്നും അതിൽ ഖുറൈശികളുടെ ധാരാളം മൂലധനമുണ്ടെന്നും തിരുനബി(സ)ക്കു അറിവു ലഭിച്ചു. അതിൽ മുപ്പതോ നാൽപ്പതോ എഴുപതോ ആളുകൾ ഉണ്ടായിരുന്നു. തിരുനബി(സ) മുമ്പ് പിന്തുടർന്ന അതേ യാത്രാ സംഘം തന്നെയായിരുന്നു അത്.

ഹിജ്റ 2 ന് ജമാദുൽ അവ്വലിലോ ജമാദുൽ ആഖറിലോ ആണ് തിരുനബി(സ) ഈ ദൗത്യത്തിനായി പുറപ്പെട്ടത്. മുസ്‌ലിംകൾ കൊള്ളയടിക്കാനാണ് ഈ സൈനീകനീക്കം നടത്തിയതെന്ന് വിവരമില്ലാത്ത ചിലർ ആക്ഷേപിക്കുന്നു. എന്നാൽ ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) തന്റെ സീറത്ത് ഖാതമുന്നബിയ്യീനിൽ എഴുതുന്നു: അസാധാരണമായ ഒരു യാത്രാസംഘമായിരുന്നതിനാലും അതിന്റെ ലാഭം മുസ്‌ലിംകൾക്കെതിരെ ഉപയോഗിക്കുമെന്നതിനാലും ഈ യാത്രാസംഘത്തെ തടയാൻ പുറപ്പെടുന്നത് ഒട്ടും ആക്ഷേപാർഹമായിരുന്നില്ല. മാത്രമല്ല, അതിന്റെ ലാഭം ഉഹ്ദ് യുദ്ധത്തിനുള്ള തയ്യാറെടുപ്പിനായി ചെലവഴിച്ചുവെന്ന് ചരിത്രം തെളിയിക്കുന്നുണ്ട്. അതിനാൽ അതിന്റെ പ്രതിരോധ നടപടികൾ യുദ്ധത്തിന്റെ ഒരു പ്രധാന ഭാഗമായിരുന്നു.

ഹദ്റത്ത് തൽഹ ബിൻ ഉബൈദുല്ലയേയും ഹദ്റത്ത് സഈദ് ബിൻ സൈദിനെയും ഈ യാത്രാ സംഘത്തിന്റെ വിവരം അറിയിക്കുക എന്ന ലക്ഷ്യത്തോടെ റസൂലുല്ലാഹ്(സ) മുന്നോട്ട് അയക്കുകയുണ്ടായി. റസൂൽ(സ) സ്വഹാബികളോടൊപ്പം ഈ സംഘത്തെ ആക്രമിക്കാൻ പുറപ്പെട്ടിട്ടുണ്ടെന്ന് അബൂസുഫ്യാൻ വിവരം ലഭിച്ചു. ഈ വാർത്ത കേട്ട് അയാൾ വളരെ ഭയന്ന് തന്റെ ദൂതന്മാരിൽ ഒരാളെ അയച്ചുകൊണ്ട് മക്കയിൽ പോയി ഈ വിവരം നൽകാൻ ആവശ്യപ്പെട്ടു. അബൂസുഫ്യാൻ സ്വയം ബദ്റിന്റെ ഒരു ഭാഗത്തുനിന്നും മാറി വേഗത്തിൽ മുന്നോട്ട് പോയി.

ഇതുമായി ബന്ധപ്പെട്ട് തിരുനബി(സ)ന്റെ പിതൃ സഹോദരി ആത്തിക ബിൻത് അബ്ദുൽ മുത്തലിബിന് വിചിത്രമായ ഒരു സ്വപ്നം ഉണ്ടായിരുന്നു, അത് പിന്നീട് സത്യമാണെന്ന് തെളിഞ്ഞു. അബൂസുഫിയാന്റെ ദൂതൻ മക്കയിൽ എത്തുന്നതിന് മൂന്ന് രാത്രികൾക്ക് മുമ്പ് സ്വപ്നത്തിൽ കണ്ടു. ഒരു ഒട്ടകപ്പുറത്ത് ഒരാൾ അബ്തഹ് മൈതാനത്തിലും പിന്നീട് കഅ്ബയുടെ മേൽക്കൂരയിലും പിന്നീട് അബൂ ഖുബൈസ് പർവതത്തിന്റെ മുകളിലും നിന്നുകൊണ്ട് ഉച്ചത്തിൽ ജനങ്ങളെ വിളിച്ചുപറയുന്നു: മൂന്നു ദിവസത്തിനകം തങ്ങളുടെ അറവുശാലകളിൽ എത്താൻ. എന്നിട്ട് ആ പർവതത്തിൽ നിന്ന് ഒരു കല്ല് താഴേക്ക് ഇട്ടു. താഴെയെത്തിയപ്പോൾ തന്നെ ആ കല്ല് പൊട്ടിത്തകർന്നു. ഈ കല്ലിന്റെ ഒരു കഷണം എത്താത്ത ഒരു വീടും മക്കയിൽ അവശേഷിച്ചിരുന്നില്ല. അവർ പിന്നീട് ഈ സ്വപ്നം തന്റെ സഹോദരൻ ഹദ്റത്ത് അബ്ബാസ് ബിൻ അബ്ദുൽമുത്തലിബിനോട് പറഞ്ഞു. അത് പരന്ന് അവസാനം അബൂജഹലിന്റെ ചെവിയിലും എത്തി. അബൂജഹൽ പറഞ്ഞു: നമുക്ക് മൂന്ന് ദിവസം വരെ കാത്തിരിക്കാം. ഇതുപോലെ സംഭവിച്ചാൽ കൊള്ളാം, അല്ലാത്തപക്ഷം നിങ്ങൾ അറേബ്യയിലെ ഏറ്റവും വലിയ നുണയനാണെന്ന് കഅബയിൽ ഞങ്ങൾ എഴുതി തൂക്കിയിടുന്നതാണ്.

പിന്നീട്, ബനൂ അബ്ദുൽ മുത്തലിബിന്റെ സ്ത്രീകളുടെ അഭ്യർത്ഥനപ്രകാരം, അബൂജഹലിനെ കൊല്ലാൻ ഹദ്റത്ത് അബ്ബാസ് കഅബയിലേക്ക് പോയി. എന്നാൽ മുസ്‌ലിംകളുടെ ആക്രമണത്തെക്കുറിച്ച് മക്കക്കാരെ അറിയിക്കാൻ അബൂസുഫിയാൻ അയച്ച ദൂതന്റെ അവസ്ഥയിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ തിരിഞ്ഞു. അയാൾ അബൂസുഫിയാന്റെ യാത്രാസംഘത്തെ രക്ഷിക്കാൻ വിളംബരപ്പെടുത്തുകയായിരുന്നു. ഖുറൈശികൾ ആദ്യമേ യുദ്ധത്തിന് ഒരു ഒഴികഴിവ് തേടുകയായിരുന്നു. ഈ പ്രഖ്യാപനത്തിൽ, അവർ ആഗ്രഹിച്ച ഒഴികഴിവ് അവർക്ക് ലഭിച്ചു, അവർ യുദ്ധത്തിനുള്ള മുഴുവൻ തയ്യാറെടുപ്പുകളും ആരംഭിച്ചു.

കൂടുതൽ കാര്യങ്ങൾ തുടർന്നും വിവരിക്കുന്നതാണ് ഇൻശാ അല്ലാഹ്.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَ نَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarak U.K. – on 09.06.2023

Malayalam Translation, Typing & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**